എ.വൈ.ആർ

സൂറ-10

# യൂനുസ്

وَلِكُلِّ أُمَّةٍ رَّسُولٌ فَإِذَا جَآءَ رَسُولُهُمْ قُضِىَ بَيْنَهُم بِٱلْقِسْطِ وَهُمْ لَا يُظْلَمُونَ ﴿٤٧﴾

**47** ഓരോ സമൂഹത്തിനും ദൈവദൂതനുണ്ട്. ദൈവദൂതൻ ആഗതനായാൽ ആ സമൂഹത്തിനിടയിൽ നീതിപൂർവം വിധിക്കപ്പെടുകയായി. ആരും അനീതിക്കിരയാകുന്നതല്ല.

وَيَقُولُونَ مَتَىٰ هَٰذَا ٱلْوَعْدُ إِن كُنتُمْ صَٰدِقِينَ ﴿٤٨﴾

**48** നിങ്ങളുടെ ഈ ഭീഷണി സത്യമാണെങ്കിൽ എപ്പോഴാണ് സംഭവിക്കുക എന്ന് അവർ ചോദിക്കുന്നുണ്ടല്ലോ.

قُل لَّآ أَمْلِكُ لِنَفْسِى ضَرًّا وَلَا نَفْعًا إِلَّا مَا شَآءَ ٱللَّهُ لِكُلِّ أُمَّةٍ أَجَلٌ إِذَا جَآءَ أَجَلُهُمْ فَلَا يَسْتَـْٔخِرُونَ سَاعَةً وَلَا يَسْتَقْدِمُونَ ﴿٤٩﴾

**49** പ്രവാചകൻ അവരോടു പറയുക: അല്ലാഹു ഇഛിച്ചാലല്ലാതെ എനിക്കുതന്നെ ഗുണമോ ദോഷമോ വരുത്താനുള്ള കഴിവ് എനിക്കില്ല. ഓരോ സമൂഹത്തിനും ഒരു കാലാവധിയുണ്ട്. അവധിയെത്തിയാൽ പിന്നെ ആ സമുദായം ഒരു നിമിഷം പിന്തുകയോ മുന്തുകയോ ഇല്ല.

قُلْ أَرَءَيْتُمْ إِنْ أَتَىٰكُمْ عَذَابُهُۥ بَيَٰتًا أَوْ نَهَارًا مَّاذَا يَسْتَعْجِلُ مِنْهُ ٱلْمُجْرِمُونَ ﴿٥٠﴾

**50** അവരോട് ചോദിച്ചുനോക്കുക. അല്ലാഹുവിന്റെ ശിക്ഷ ഇരവിലോ പകലിലോ ആകസ്മികമായി വന്നുഭവിച്ചാൽ എന്തുചെയ്യാനാകുമെന്ന് വല്ലപ്പോഴും ചിന്തിച്ചിട്ടുണ്ടോ? പിന്നെന്താണീ കുറ്റവാളികൾ അതിനു ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നത്?

أَثُمَّ إِذَا مَا وَقَعَ ءَامَنتُم بِهِۦٓ ءَآلْـَٰٔنَ وَقَدْ كُنتُم بِهِۦ تَسْتَعْجِلُونَ ﴿٥١﴾

**51** അതു വന്നുഭവിച്ചാൽ മാത്രമേ വിശ്വസിക്കൂ എന്നോ? എത്രയും വേഗം അതു വന്നെത്താൻ ധൃതികൂട്ടിക്കൊണ്ടിരുന്ന നിങ്ങൾക്ക് അപ്പോൾ രക്ഷപ്പെട്ടു കളയാമെന്നോ?!

ثُمَّ قِيلَ لِلَّذِينَ ظَلَمُوا۟ ذُوقُوا۟ عَذَابَ ٱلْخُلْدِ هَلْ تُجْزَوْنَ إِلَّا بِمَا كُنتُمْ تَكْسِبُونَ ﴿٥٢﴾

**52** അനന്തരം അധർമകാരികളോട് കൽപിക്കപ്പെടും; ഇനി ശാശ്വതമായ ശിക്ഷ രുചിച്ചുകൊള്ളുവിൻ! സ്വയം ചെയ്തുകൂട്ടിയ പാപങ്ങളുടെ ഫലമല്ലാതെ മറ്റെന്താണ് നിങ്ങൾക്ക് ലഭിക്കാനുള്ളത്?!

وَلِكُلِّ أُمَّةٍ= എല്ലാ ഓരോ സമൂഹത്തിനും ഉണ്ട് رَّسُولٌ= ഒരു ദൈവദൂതൻ فَإِذَا جَآءَ= ആഗതനായാൽ
رَسُولُهُمْ= അവരുടെ(ആ സമൂഹത്തിന്റെ) ദൈവദൂതൻ قُضِىَ= വിധിക്കപ്പെട്ടു(ടുകയായി) بَيْنَهُمْ= അവർക്കിടയിൽ
بِٱلْقِسْطِ= നീതിപൂർവം وَهُمْ= അവർ(ആരും) لَا يُظْلَمُونَ= അനീതിചെയ്യപ്പെട്ടു(അനീതിക്കിരയാകു)ന്നതല്ല
وَيَقُولُونَ= അവർ പറയുന്നു(ചോദിക്കുന്നുണ്ടല്ലോ) مَتَىٰ هَٰذَا ٱلْوَعْدُ= ഈ ഭീഷണി എപ്പോഴാണ് (സംഭവിക്കുക)

إِن كُنتُمْ صَـٰدِقِينَ= നിങ്ങൾ സത്യവാന്മാരെങ്കിൽ(സത്യമാണെങ്കിൽ) قُلْ= നീ(പ്രവാചകൻ അവരോട്) പറയുക

لَّآ أَمْلِكُ= ഞാൻ അധികാരിയാകുന്നില്ല, ഉടമയാകുന്നില്ല(കഴിവ് എനിക്കില്ല) لِنَفْسِى= എനിക്കു തന്നെ(വരുത്താനുള്ള)

ضَرًّا= ദോഷം(മോ) وَلَا نَفْعًا= ഗുണ(മോ)വും إِلَّا مَا شَآءَ ٱللَّهُ= അല്ലാഹു ഇഛിച്ചതല്ലാതെ لِكُلِّ أُمَّةٍ= എല്ലാ ഓരോ സമൂഹത്തിനും ഉണ്ട്

أَجَلٌ= (ഓരോ) കാലാവധി إِذَا جَآءَ= വന്നാ(എത്തിയാ)ൽ أَجَلُهُمْ= അവരുടെ അവധി فَلَا يَسْتَـْٔخِرُونَ= അവർ (ആ സമൂഹം) പിന്തുകയില്ല

سَاعَةً= ഒരു മണിക്കൂർ, നാഴിക, നിമിഷം وَلَا يَسْتَقْدِمُونَ= അവർ മുന്തുകയുമില്ല قُلْ= നീ പറയുക(അവരോടു ചോദിച്ചു നോക്കുക)

أَرَءَيْتُمْ= (വല്ലപ്പോഴും) നിങ്ങൾ കണ്ടുവോ(ചിന്തിച്ചിട്ടുണ്ടോ)

إِنْ أَتَىٰكُمْ= നിങ്ങൾക്ക്(ആകസ്മികമായി) വന്നാ(നുഭവിച്ചാ)ൽ (എന്തുചെയ്യാനാകുമെന്ന്) عَذَابُهُۥ= അവ(അല്ലാഹുവി)ന്റെ ശിക്ഷ

بَيَـٰتًا= ഇരവിൽ(ലോ) أَوْ نَهَارًا= അല്ലെങ്കിൽ പകലിൽ(ലോ) مَّاذَا= (പിന്നെ) എന്താണ്

يَسْتَعْجِلُ= ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നു(ന്നത്) مِنْهُ= (ഈ) അതിന്ന് ٱلْمُجْرِمُونَ= കുറ്റവാളികൾ, ധർമധിക്കാരികൾ

أَثُمَّ إِذَا مَا وَقَعَ= അതു വന്നുഭവിച്ചാൽ പിന്നെയോ(ഭവിച്ചാൽ മാത്രമേ) ءَامَنتُم بِهِۦٓ= നിങ്ങൾ അതിൽ വിശ്വസിച്ചു(വിശ്വസിക്കൂ എന്നോ)

ءَآلْـَٔـٰنَ= ഇപ്പോഴോ(അപ്പോൾ രക്ഷപ്പെട്ടു കളയാമെന്നോ) وَقَدْ كُنتُم بِهِۦ= നിങ്ങൾ അത്(എത്രയും വേഗം വന്നെത്താൻ) ആയിരുന്നു

تَسْتَعْجِلُونَ= ധൃതികൂട്ടിക്കൊണ്ടിരിക്കുന്നവർ(കൊണ്ടിരുന്ന) ثُمَّ= അനന്തരം قِيلَ= നിങ്ങൾ പറയപ്പെട്ടു(കൽപിക്കപ്പെടും)

لِلَّذِينَ ظَلَمُوا۟= അധർമം പ്രവർത്തിച്ചവരോട് ذُوقُوا۟= നിങ്ങൾ രുചിക്കുവിൻ عَذَابَ ٱلْخُلْدِ= ശാശ്വത ശിക്ഷ

هَلْ تُجْزَوْنَ= നിങ്ങൾ പ്രതിഫലം നൽകപ്പെടുമോ(നിങ്ങൾക്ക് ലഭിക്കാനുള്ളത്)

إِلَّا بِمَا كُنتُمْ تَكْسِبُونَ= നിങ്ങൾ സമ്പാദിച്ചിരുന്നതിനല്ലാതെ (സ്വയം ചെയ്തുകൂട്ടിയ പാപത്തിന്റെ ഫമല്ലാതെ മറ്റെന്താണ്)

**47:** ഇഹപര ലോകങ്ങളിൽ മനുഷ്യരെ രക്ഷിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നതിൽ അല്ലാഹു യാതൊരനീതിയും ചെയ്യുന്നില്ല എന്നതിന്റെ തെളിവ് ചൂണ്ടിക്കാണിക്കുകയാണീ സൂക്തം. ജീവിതത്തെക്കുറിച്ച് സവിശേഷമായ കാഴ്ചപ്പാടും കർമരീതിയുമുള്ള ജനവിഭാഗമാണ് മൗലികമായ അർഥത്തിൽ أُمَّةٍ. സമുദായം, തലമുറ, കാലഘട്ടം തുടങ്ങിയ അർഥങ്ങളിലും സാധാരണ ഉപയോഗിക്കാറുണ്ട്. ഒരു റസൂലിന്റെ (വേദവും ശരീഅത്തും ഉള്ള ദൈവദൂതന്റെ) കാലം മുതൽ അടുത്ത റസൂലിന്റെ ആഗമനം വരെയുള്ള മനുഷ്യ സമൂഹമാണ് ഇവിടെ ഉദ്ദേശ്യം. ഒരു റസൂലിന്റെ കാലശേഷവും അദ്ദേഹത്തിന്റെ സന്ദേശം ലഭിക്കുന്നവരൊക്കെ ആ റസൂലിന്റെ ഉമ്മത്താണ്. പൂർവ ദൂതന്റെ സന്ദേശം തീരെ മാഞ്ഞുപോവുകയോ വിസ്മൃതമാവുകയോ ചെയ്യുമ്പോൾ അല്ലാഹു മറ്റൊരു റസൂലിനെ നിയോഗിക്കുന്നു. തുടർന്നുണ്ടാകുന്ന തലമുറകൾ ആ റസൂലിന്റെ ഉമ്മത്താകുന്നു. മാഞ്ഞുപോവുകയോ മറഞ്ഞുപോവുകയോ ചെയ്യാതെ ലോകാവസാനംവരെ സുരക്ഷിതമായി നിലനിൽക്കുന്ന വേദവും ശരീഅത്തുമായിട്ടാണ് അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ) നിയുക്തനായത്. അതിനാൽ അദ്ദേഹത്തിനു ശേഷമുള്ള എല്ലാ ജനതകളും തലമുറകളും അദ്ദേഹത്തിന്റെ ഉമ്മത്താകുന്നു. ഇങ്ങനെ അല്ലാഹു എല്ലാ ജനതകൾക്കും സത്യവും ധർമവും പ്രാപിക്കാനുള്ള സുവ്യക്തമായ മാർഗമൊരുക്കിക്കൊടുത്തിരിക്കുന്നു. ഈ മാർഗം തള്ളിക്കളഞ്ഞ് അസത്യത്തിന്റെയും അധർമത്തിന്റെയും പാത സ്വീകരിക്കുമ്പോഴാണ് മനുഷ്യൻ കഷ്ടത്തിലും നഷ്ടത്തിലുമകപ്പെടുന്നത്.

ചില സമുദായങ്ങൾ അവരിലാഗതരായ ദൈവദൂതന്മാരെ കണ്ണടച്ച് നിഷേധിക്കുകയും, അവരെയും അവരെ അംഗീകരിച്ചവരെയും അക്രമ മർദനങ്ങൾക്ക് ഇരയാക്കുകയും ചെയ്യുന്നു. തങ്ങൾക്ക് ഈ ഭൂമുഖത്ത് നിലനിൽക്കാൻ അവകാശമില്ലെന്ന് സ്വയം തെളിയിക്കുകയാണ് ഇത്തരം സമുദായങ്ങൾ ചെയ്യുന്നത്. ആ സമൂഹങ്ങൾ അക്രമത്തിന്റെയും അധർമത്തിന്റെയും പരമകാഷ്ഠയിലെത്തുമ്പോൾ അവർ നശിപ്പിക്കപ്പെടുന്നു. അതാണ് പ്രകൃതിനിയമം. ദൈവദൂതനിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ ധർമ ശാസനകൾ അനുസരിക്കുകയും ചെയ്യുന്ന കുറേ ആളുകളുള്ള സമുദായം അങ്ങനെ ഒറ്റയടിക്കു നശിപ്പിക്കപ്പെടുകയില്ല. അവരിൽ കൂടുതലാളുകൾക്ക് സത്യം കണ്ടെത്താൻ അവസരം നീട്ടിക്കൊടുത്തുകൊണ്ടിരിക്കും. അധർമത്തിലും അസത്യത്തിലും ഉറച്ചുനിന്നവർ പരലോകത്ത് ശിക്ഷിക്കപ്പെടുന്നു. മനുഷ്യരോടുള്ള അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും നീതിയുടെയും താൽപര്യമാണത്.

فَإِذَا جَآءَ رَسُولُهُمْ قُضِىَ بَيْنَهُم بِٱلْقِسْطِ (അവരുടെ ദൈവദൂതൻ ആഗതനായാൽ അവർക്കിടയിൽ നീതിപൂർവം വിധിക്കപ്പെടുകയായി) എന്ന വാക്യത്തിന് രണ്ട് ആശയ തലങ്ങളുണ്ട്. ഒന്ന്, ഒരു സമൂഹത്തിൽ ദൈവദൂതൻ ആഗതനാകുന്നത് അവരെ സത്യവും ധർമവും പഠിപ്പിക്കാനും അവരുടെ കാര്യങ്ങളിൽ നീതി വിധിക്കാനുമാണ്. ധർമതത്ത്വങ്ങളും നീതിസാരങ്ങളും അനുസരിക്കുന്ന വ്യക്തികളിലും സമൂഹങ്ങളിലും നീതി നടക്കുകയും അവർ ഇരുലോകത്തും രക്ഷിക്കപ്പെടുകയും ചെയ്യുന്നു. അവയെ തള്ളിക്കളയുന്ന വ്യക്തികൾക്കിടയിൽ അധർമങ്ങളും അക്രമങ്ങളും നടമാടുകയും അങ്ങനെ അവർ നാശഗർത്തത്തിലകപ്പെടുകയും ചെയ്യുന്നു. രണ്ട്, ഒരു സമൂഹത്തിൽ ദൈവദൂതന്റെ ആഗമനം ആ സമൂഹത്തിന്റെ വിധി രക്ഷയോ ശിക്ഷയോ എന്നു തീരുമാനിക്കുന്നതിനുള്ള ഉപാധിയാണ്. സത്യവും അസത്യവും നീതിയും അനീതിയും ധർമവും അധർമവുമെല്ലാം ദൈവദൂതൻ സമൂഹത്തിനു മുമ്പിൽ തുറന്നുവെക്കുന്നു. സത്യധർമങ്ങൾ കൈക്കൊള്ളുന്നവർ രക്ഷിക്കപ്പെടുന്നു. ഒട്ടും കൈക്കൊള്ളാൻ തയാറാവാത്തവർ തുടച്ചുനീക്കപ്പെടുന്നു. ഒരു സമൂഹത്തിൽ ദൈവദൂതനെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഗണ്യമായ തോതിൽ ഉണ്ടെങ്കിൽ, അവിശ്വാസികൾ എത്ര കടുത്ത ധർമധിക്കാരികളാണെങ്കിലും അല്ലാഹു ആ സമൂഹത്തെ നശിപ്പിക്കുകയില്ല. ധർമധിക്കാരികൾക്കുള്ള ശിക്ഷ അവൻ പരലോക

ത്തേക്കു നീട്ടിവെക്കുന്നു. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ആരുടെ നേരെയും അനീതിയുണ്ടാവാതിരിക്കേണ്ടതിന്നാണിത്.

മുഹമ്മദീയ ഉമ്മത്തിന്റെ വലിയൊരു ഭാഗം അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നു. മറ്റൊരു വിഭാഗം അദ്ദേഹത്തെ നിരന്തരം അക്രമിച്ചുകൊണ്ടിരുന്ന കൊടിയ സത്യനിഷേധികളുമായിരുന്നുവെങ്കിലും വിശ്വാസികളെ പരിഗണിച്ചുകൊണ്ട് അല്ലാഹു ആ സമൂഹത്തിന്റെ മേൽ സമ്പൂർണ നാശത്തിന്റെ ശിക്ഷകൾ അയക്കുകയുണ്ടായില്ല. സ്വാലിഹ്, ശുഐബ് നബിമാരുടെ ഉമ്മത്തുകളുടെ അവസ്ഥ നേരെ മറിച്ചായിരുന്നു. തുഛം പേരേ ആ സമുദായങ്ങളിൽ വിശ്വാസികളായുണ്ടായിരുന്നുള്ളൂ. അവർ മാത്രം രക്ഷിക്കപ്പെടുകയും മറ്റുള്ളവരെല്ലാം നശിപ്പിക്കപ്പെടുകയുമാണുണ്ടായത്. മുഹമ്മദ് നബി(സ)യുടെ കാലത്തെ സത്യനിഷേധികൾ അവരിലെ സത്യവിശ്വാസികളുമായുണ്ടായ ഏറ്റുമുട്ടലിൽ അവസാനിക്കുകയായിരുന്നു.

ദൈവദൂതന്മാർ നിയുക്തരാവുക, അവർ സത്യവും ധർമവും പ്രബോധനം ചെയ്യുക, അതിനോടുള്ള സമീപനത്തെ അടിസ്ഥാനമാക്കി സമുദായങ്ങൾ രക്ഷാശിക്ഷകൾക്ക് വിധിക്കപ്പെടുക തുടങ്ങിയ കാര്യങ്ങളിലൊന്നും അല്ലാഹുവിന്റെ ഭാഗത്തുനിന്ന് നീതിക്കും ന്യായത്തിനും നിരക്കാത്ത യാതൊന്നും ഉണ്ടാകുന്നില്ല എന്നാണ് وَهُمْ لَا يُظْلَمُونَ എന്ന വാക്യത്തിന്റെ താൽപര്യം. ദൈവദൂതൻ എല്ലാ നിലയിലും ആളുകൾക്ക് ന്യായം പൂർത്തീകരിച്ചുകൊടുക്കുന്നുണ്ട്. പ്രവാചക സന്ദേശങ്ങൾ മനസ്സിലാക്കാനും അതെക്കുറിച്ച് ചിന്തിക്കാനും പരിശോധിക്കാനുമൊക്കെ ആളുകൾക്ക് എത്ര സമയം വേണമോ അത്രയും സമയം നൽകുന്നു. ഇതിനെല്ലാം ശേഷവും അസത്യത്തിലും അധർമത്തിലും അടിയുറച്ചു നിൽക്കുന്നവർ ഒടുവിൽ ശിക്ഷാവിധേയരാവുക എന്നത് അല്ലാഹുവിന്റെ സുന്നത്ത് (നടപടിക്രമം) ആകുന്നു.

**48,49:** വേദത്തിലും പ്രവാചകനിലും വിശ്വസിക്കാത്തവർക്ക് നാശമുണ്ടാകും, മരിച്ചവരൊക്കെ ഉയിർത്തെഴുന്നേൽപിക്കപ്പെടും, എല്ലാവരും രക്ഷാശിക്ഷകൾക്കു വിധേയരാകും എന്നൊക്കെ ഭീഷണിപ്പെടുത്താൻ തുടങ്ങിയിട്ട് കുറേ നാളായല്ലോ. എന്താണിതുവരെ അതൊന്നും സംഭവിക്കാത്തത്? ഇനി എന്നാണതു സംഭവിക്കുക? ഈ ഭീഷണിയിൽ വല്ല സത്യവുമുണ്ടെങ്കിൽ അതൊന്ന് സംഭവിപ്പിച്ചു കാണിച്ചുതരൂ. അവിശ്വാസികൾ പ്രവാചകന്റെയും ശിഷ്യന്മാരുടെയും നേരെ നിരന്തരം ഉന്നയിച്ചിരുന്ന ആവശ്യമാണിത്. പ്രവാചകന്റെ ജിഹ്വയിലൂടെ അതിനു മറുപടി പറയുകയാണ്: അതൊക്കെ സ്വന്തം ഇഷ്ടപ്രകാരം നടത്തിക്കളയുമെന്ന് ഭീഷണിപ്പെടുത്തുകയാണ് ഞാനെന്നാണ് നിങ്ങളുടെ വിചാരം. എന്നാൽ സത്യമതല്ല. ഞാൻ നിങ്ങൾക്കു നൽകുന്ന താക്കീതുകളെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. അല്ലാഹു കൽപിച്ചതുപ്രകാരം നിങ്ങളെ അറിയിക്കുന്നു എന്നതിൽ കവിഞ്ഞ് എനിക്ക് അതിലൊന്നും യാതൊരു കൈയുമില്ല. أملك എന്നാണ് മൂലപദം. അധികാരം, ആധിപത്യം, ഉടമത്വം എന്നൊക്കെ അർഥമുള്ള مُلك ൽനിന്നുള്ള ഉത്തമപുരുഷ വർത്തമാന ക്രിയയാണിത്. ഉപകാരവും ഉപദ്രവവും ചെയ്യാനുള്ള ശക്തിയും അധികാരവും എനിക്കില്ല എന്നാണ് ഉദ്ദേശ്യം.

അല്ലാഹുവിന്റെ താക്കീതുകൾ എപ്പോൾ എങ്ങനെ ആരുടെ മേൽ നടപ്പിലാക്കണമെന്ന് തീരുമാനിക്കുന്നത് അവൻ മാത്രമാണ്. ഞാനാവട്ടെ എനിക്കു തന്നെ വല്ല ഗുണമോ ദോഷമോ വരുത്താൻ കഴിവുള്ളവനല്ല. അഗോചരമായ കാര്യങ്ങളിൽ അവൻ അറിയിച്ചു തരുന്നതിലപ്പുറമൊന്നും ഞാനറിയുന്നുമില്ല. وَلَوْ كُنتُ أَعْلَمُ ٱلْغَيْبَ لَٱسْتَكْثَرْتُ مِنَ ٱلْخَيْرِ (അഭൗതിക കാര്യങ്ങളറിയാമായിരുന്നുവെങ്കിൽ ഞാൻ തന്നെ പെരുത്ത് നന്മകൾ നേടുമായിരുന്നു - 7:188). അല്ലാഹു ഇഛിക്കുന്നതനുസരിച്ചാണ് എല്ലാം നടക്കുന്നത്. നിങ്ങൾ ആവശ്യപ്പെടുന്ന കാര്യങ്ങൾ സംഭവിക്കേണ്ടത് അവന്റെ യുക്തിജ്ഞാനത്തിന്റെയും നീതിയുടെയും താൽപര്യമായിത്തീരുന്നതെപ്പോഴാണോ അപ്പോൾ അതു സംഭവിച്ചിരിക്കും. അപ്പോഴേ സംഭവിക്കൂ. സംഭവിക്കുമ്പോഴാകട്ടെ അതിൽനിന്നു രക്ഷപ്പെടാൻ ആർക്കുമാവില്ല.

അല്ലാഹു ഓരോ സമുദായത്തിനും ഒരു പ്രവർത്തനാവസരം, ജീവിതാവധി നിർണയിച്ചുവെച്ചിട്ടുണ്ട്. ആ അവധിയെത്തുന്നതിന് ഒരു നിമിഷം മുമ്പ് ഒരു സമുദായത്തിനും ജീവിതവേദിയിൽനിന്ന് വിരമിക്കാനാവില്ല. അവധിയെത്തിയാൽ പിന്നെ ഒരു നിമിഷവും നിലനിൽക്കാനുമാവില്ല. അല്ലാഹു സമുദായങ്ങളുടെ നാശാവധി നിർണയിക്കുന്നത് അവരെ ധാർമിക മാനദണ്ഡം കൊണ്ട് അളന്നിട്ടാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. നശീകരണത്തിന് നിശ്ചയിക്കപ്പെട്ട പരിധിയിലെത്തുന്നതുവരെ അവൻ എല്ലാ സമുദായങ്ങൾക്കും അവസരം നീട്ടിക്കൊടുത്തുകൊണ്ടിരിക്കും. ആ പരിധിയിലെത്തിയാലോ കപ്പൽ പെട്ടന്നങ്ങ് മുക്കിക്കളയുന്നു. സമയസൂചി അവൻ നിശ്ചയിച്ച സെക്കന്റിൽ കൃത്യമായി എത്തുന്നതുവരെ അവനല്ലാതാരും അതറിയുന്നില്ല.

**50-52:** അന്ത്യനാളിനെയും രക്ഷാശിക്ഷകളെയും സംബന്ധിച്ചുള്ള താക്കീതുകൾ കേൾക്കുമ്പോൾ ആ മഹാവിപത്ത് സംഭവിക്കുകയാണെങ്കിൽ അതിൽ അകപ്പെടാതെ രക്ഷപ്പെടാനുള്ള മാർഗങ്ങളെക്കുറിച്ച് ചിന്തിക്കുകയാണ് വിവേകമുള്ളവർ ചെയ്യേണ്ടത്. പക്ഷേ അതിനുപകരം അതിനെയൊക്കെ പരിഹസിച്ചു തള്ളുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. അതെക്കുറിച്ച് അവരെ ഉണർത്തുകയാണ്: വ്യക്തികളും സമൂഹങ്ങളുമൊക്കെ ദൈവിക ശിക്ഷകൾക്കിരയായതിന്റെ എത്രയോ ഉദാഹരണങ്ങൾ നിങ്ങളുടെ മുമ്പിലുണ്ട്. അവരൊന്നും അത് നേരത്തെ അറിഞ്ഞവരോ അംഗീകരിച്ചവരോ ആയിരുന്നില്ല. നിങ്ങളെപ്പോലെ, ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്ന് നിഷേധിച്ചു നടന്നവരായിരുന്നു. അതുപോലെ ആ മഹാവിപത്ത് ഒരു രാത്രിയോ പകലോ ആകസ്മികമായി നിങ്ങൾക്കും വന്നുഭവിച്ചാൽ എങ്ങനെയാണ് നിങ്ങൾ രക്ഷപ്പെടുക? അതിനുതകുന്ന വല്ല വിദ്യയും കണ്ടുവെച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? ഒരു രക്ഷാമാർഗവും കണ്ടുവെച്ചിട്ടില്ലെങ്കിൽ പിന്നെന്തുക്കണ്ടിട്ടാണ് ഈ കുറ്റവാളികൾ ഇങ്ങനെ ദൈവശിക്ഷക്കുവേണ്ടി ധൃതികൂട്ടുന്നത്? ഇവിടെ സത്യനിഷേധികളെ مجرم എന്നാണ് വിളിച്ചിരിക്കുന്നത്. ശിക്ഷാർഹമായ കുറ്റം ചെയ്ത പ്രതിയാണ് مجرم. സന്ദർഭത്തിൽ ഈ പദപ്രയോഗത്തിന്റെ ധ്വനി ഇതാണ്: ദൈവശിക്ഷ വേഗമിങ്ങു വന്നുചേരട്ടെ എന്ന് ധൃതികൂട്ടുന്നത് ശിക്ഷാർഹരല്ലാത്ത നിരപരാധികളാണെങ്കിൽ മനസ്സിലാക്കാവുന്നതാണ്. പക്ഷേ കഠിനശിക്ഷയർഹിക്കുന്ന കുറ്റങ്ങൾ ചെയ്തുകൂട്ടിയവർ ഇങ്ങനെ ശിക്ഷക്കുവേണ്ടി ബദ്ധപ്പെടുന്നതിലടങ്ങിയ മൂഢത അപാരം തന്നെ.

നാശത്തിലകപ്പെട്ട പൂർവികരെപ്പോലെ ദൈവശിക്ഷ വന്നിറങ്ങുകയാണെങ്കിൽ, ഉയിർത്തെഴുന്നേൽപും വിചാരണാസഭയും സംഭവിക്കുകയാണെങ്കിൽ, അപ്പോൾ അതിലൊക്കെ വിശ്വസിച്ചുകളയാം എന്നാണോ ഇക്കൂട്ടരും വിചാരിക്കുന്നത്? എങ്കിൽ അപ്പോൾ വിശ്വസിച്ചിട്ടെന്തുകാര്യം? അവിടെ വിശ്വാസത്തിനും അവിശ്വാസത്തിനും ഇടമില്ല. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും ഫലമനുഭവിക്കുന്ന സന്ദർഭമാണത്. കൊടിയ ദൈവധിക്കാരി ഫറവോൻ ചെങ്കടലിൽ മുങ്ങിയൊടുങ്ങാൻ വിധിക്കപ്പെട്ടപ്പോൾ അയാൾ പറയുകയുണ്ടായി.

ءَامَنتُ أَنَّهُۥ لَآ إِلَٰهَ إِلَّا ٱلَّذِىٓ ءَامَنَتْ بِهِۦ بَنُوٓا۟ إِسْرَٰٓءِيلَ وَأَنَا۠ مِنَ ٱلْمُسْلِمِينَ

(ഇസ്രായീല്യർ വിശ്വസിക്കുന്ന ദൈവമല്ലാതെ ദൈവമില്ലെന്ന് ഞാനിതാ വിശ്വസിച്ചിരിക്കുന്നു. ഞാൻ അവന് അനുസരിക്കുന്നവനായിരിക്കുന്നു - 10:90). അതിന് അല്ലാഹുവിന്റെ മറുപടി ഇപ്രകാരമായിരുന്നു:

ءَآلْـَٰٔنَ وَقَدْ عَصَيْتَ قَبْلُ وَكُنتَ مِنَ ٱلْمُفْسِدِينَ

(ഇപ്പോഴോ, വിശ്വസിക്കുന്നതും അനുസരിക്കുന്നതും?! നേരത്തെ നീ ധിക്കരിക്കുകയായിരുന്നുവല്ലോ. നാശകാരി തന്നെയാണ് നീ! - 10:91). ദൈവശിക്ഷ വന്നുഭവിക്കുന്ന എല്ലാവരുടെയും അവസ്ഥ ഇതുതന്നെയാണ്.

كَمْ أَهْلَكْنَا مِن قَبْلِهِم مِّن قَرْنٍ فَنَادَوا۟ وَّلَاتَ حِينَ مَنَاصٍ

(ഇവർക്കുമുമ്പ് എത്രയെത്ര സമുദായങ്ങളെ നാം നശിപ്പിച്ചിട്ടുണ്ടെന്നോ! ശിക്ഷ വന്നിറങ്ങിയപ്പോൾ അവർ നിലവിളിച്ചു. പക്ഷേ, അതു രക്ഷപ്പെടാനുള്ള സന്ദർഭമായിരുന്നില്ല - 38:3). പരലോകത്ത് അല്ലാഹുവിന്റെ മുന്നിൽ വിചാരണക്ക് ഹാജരാകുമ്പോഴും ധർമധിക്കാരികൾ വിലപിക്കും:

رَبَّنَآ أَبْصَرْنَا وَسَمِعْنَا فَٱرْجِعْنَا نَعْمَلْ صَٰلِحًا إِنَّا مُوقِنُونَ

(നാഥാ ഇപ്പോൾ ഞങ്ങൾ സത്യം കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. ഇനി ഞങ്ങളെ ഭൂമിയിലേക്കു തന്നെ തിരിച്ചയക്കേണമേ, ഞങ്ങൾ സൽകർമങ്ങൾ ചെയ്തുകൊള്ളാം. ഞങ്ങൾ സത്യത്തിൽ ദൃഢവിശ്വാസമുള്ളവരായിരിക്കുന്നു! - 32:12). അല്ലാഹു അവരോടു പറയും:

فَذُوقُوا۟ بِمَا نَسِيتُمْ لِقَآءَ يَوْمِكُمْ هَٰذَآ إِنَّا نَسِينَٰكُمْ ۖ وَذُوقُوا۟ عَذَابَ ٱلْخُلْدِ بِمَا كُنتُمْ تَعْمَلُونَ

(ഭൗതിക ജീവിതത്തിലേക്കു തിരിച്ചയക്കുന്ന പ്രശ്നമില്ല. ഇനി, ഈ ദിവസത്തെ അഭിമുഖീകരിക്കേണ്ടിവരുമെന്ന യാഥാർഥ്യം മറന്നുകളഞ്ഞതിന്റെ ഫലമാസ്വദിച്ചുകൊള്ളുക. നിങ്ങൾ ചെയ്തുകൊണ്ടിരുന്ന അധർമങ്ങളുടെ ശിക്ഷയനുഭവിച്ചുകൊള്ളുക! - 32:14).

......ءَآلْـَٰٔنَ എന്നു തുടങ്ങുന്ന വാക്യത്തിന്റെ സാരം, ഇതുവരെ ഇങ്ങനെയൊന്നും സംഭവിക്കാൻ പോകുന്നില്ല എന്നുകരുതി മുന്നറിയിപ്പുകാരെ പരിഹസിച്ചുകൊണ്ട് അതൊന്നിങ്ങ് വേഗം കൊണ്ടുവന്നാട്ടെ എന്ന് ധൃതികൂട്ടിയിരുന്നവർ ഇപ്പോൾ വിശ്വസിക്കുന്നുവെന്നോ എന്നാണ്. വേഗംവരട്ടെ എന്ന് ധൃതികൂട്ടിക്കൊണ്ടിരുന്ന സംഗതി ഇപ്പോഴാണോ വിശ്വസിക്കുന്നത് എന്നുമാവാം.

അധർമികളുടെയും അക്രമികളുടെയും ശിക്ഷ ഭൗതിക ലോകത്ത് നേരിടുന്ന നാശംകൊണ്ട് തീരുന്നില്ല എന്നു വ്യക്തമാക്കുകയാണ് .........ثُمَّ قِيلَ എന്നുതുടങ്ങുന്ന വാക്യം. ഭൗതികനാശത്തിനുശേഷം പരലോകത്ത് നരകശിക്ഷയുടെ ഊഴം വരുന്നുണ്ട്. അത് ശാശ്വതമായി നിലനിൽക്കുന്ന ശിക്ഷയായിരിക്കും. അതാണ് ധർമധിക്കാരികളുടെ പ്രവർത്തനങ്ങൾക്കുള്ള അന്തിമമായ ഫലം. ഇവിടെ ശിക്ഷിക്കപ്പെടുന്നവരെ لِلَّذِينَ ظَلَمُوا۟ (അധർമം പ്രവർത്തിച്ചവർ) എന്ന് വിശേഷിപ്പിച്ചത്, അവർക്കേർപ്പെട്ട ദുരന്തം അവർ തന്നെ വിതച്ച വിത്തിന്റെ വിളയാണ്, അല്ലാതെ അല്ലാഹു അവരോടു ചെയ്യുന്ന അനീതി ظلم അല്ല എന്ന് ധ്വനിപ്പിക്കുന്നു. ....هَلْ تُجْزَوْنَ എന്ന വാക്യം ഈ ആശയത്തെ സ്പഷ്ടമാക്കുകയും ചെയ്യുന്നു. ■